"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ്- പേട്ട ആനയറ റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട എൽ.എ.ആർ. 343/2010 കേസിലെ ഉത്തരവ്- വിധി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**816/2026/PWD** തിരുവനന്തപുരം, തീയതി **27-07-2026**

---

പരാമർശം:- 1. **05-11-2025** തീയതിയിലെ സ.ഉ.(സാധാ) നം.**1723/2025/PWD** നമ്പർ ഉത്തരവ്

2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ **13.07.2026** തീയതിയിലെ **CEPWD/22226/2022-FR9-PWD** നം. കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ പേട്ട ആനയറ റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ബഹു. തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ. **343/2010** കേസിന്റെ വിധി തുക അനുവദിക്കുന്നതിനായി **19,00,000/-** രൂപ **5054-04-337-80-P(C)** അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ പേട്ട ആനയറ റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ബഹു. തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ. **343/2010** നമ്പർ കേസിലെ വിധി തുക അനുവദിക്കുന്നതിനായി **19,00,000/-** രൂപയും പരാമർശ ഉത്തരവ് പ്രകാരം അനുവദിച്ച **16,74,03,073/-** രൂപയും കൂടി ചേർത്ത് **ആകെ**

**16,93,03,073/- (പതിനാറ് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മൂവായിരത്തി എഴുപത്തിമൂന്ന് രൂപ മാത്രം)** രൂപയുടെ ഭരണാനുമതി, അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെ, അനുവദിച്ച് ഉത്തരവാകുന്നു.

**3.** പ്രസ്തുത തുക **5054-04-337-80**പി.സി. എന്ന ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനോദ് വി ആർ

അഡിഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം)

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&.ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ.&പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh M R
Date: 27-07-2026
17:08:32

സെക്ഷൻ ഓഫീസർ